പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 7885 — 16. 07. 2014 ൽ മറുപടിക്ക്

## കുടിശ്ശിക അടച്ചുതീർക്കാത്ത സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക അടച്ചുതീർക്കാത്ത എതെങ്കിലും സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ പുന:സ്ഥാപിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) പുനഃസ്ഥാപിച്ച നൽകിയിട്ടുണ്ട്. എച്ച്.റ്റി. വിഭാഗത്തിന് പ്രധാനമായും കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഉപഭോക്താക്കൾ, സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ, മറ്റ സർക്കാർ വിഭാഗത്തിൽ വരുന്ന ഉപഭോക്താക്കൾ എന്നിവർക്കും, തവണ വ്യവസ്ഥയിൽ പണം അടക്കുന്ന ഉപഭോക്താക്കൾക്കും, കോടതിയുടെ നിർദ്ദേശപ്രകാരം മുഴുവൻ തുക അടക്കാതെ കണക്ഷൻ പുനഃസ്ഥാപിച്ച കിട്ടിയവർക്കും മുഴുവൻ കടിശ്ശിക അടച്ചില്ലെങ്കിൽ കൂടിയും വൈദ്യുതി ബന്ധം നിലനിർത്തിയിട്ടുണ്ട്.<br><br>എൽ.റ്റി. വിഭാഗത്തിൽ വൈദ്യുത ചാർജ്ജ് കടിശ്ശികയുള്ള സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ വാട്ടർ അതോറിറ്റി, മെഡിക്കൽകോളേജ്, ജില്ലാ/താലൂക്ക് ആശുപത്രികൾ, പോലീസ്, കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന കാർഷിക കണക്ഷനുകൾ തുടങ്ങിയവയ്ക്ക് വീണ്ടും വൈദ്യുതി നൽകുന്നുണ്ട്. കോട്ടയം സർക്കിളിലെ കൈപ്പുഴ വെച്ചൂർ കായൽ കർഷക സഹകരണ സംഘത്തിന്റെ വൈദ്യുതി കണക്ഷനും സ്റ്റേ ഉത്തരവ് പ്രകാരം വീണ്ടും വൈദ്യുതി നൽകുന്നു. കൂടാതെ ഈ മാസം റിലയൻസ് ഇൻഫ്രാറ്റെൽ ലിമിറ്റഡിന്റെ മൊബൈൽ ടവറുകൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ജൂലൈ 15 വരെ സാവകാശം നൽകിയിട്ടുണ്ട്. |
| (ബി) ഭീമമായ കുടിശ്ശിക വരുത്തിയതിന് കണക്ഷൻ വിച്ഛേദിച്ച | (ബി) എച്ച്.റ്റി./ഇ.എച്ച്.റ്റി. ഗണത്തിൽപ്പെടുന്ന സ്ഥാപനങ്ങളിൽ ഭീമമായ കുടിശ്ശിക വരുത്തിയ |

എത്ര സ്ഥാപനങ്ങളുണ്ട്; പ്രസ്തുത സ്ഥാപനങ്ങളുടെ കുടിശ്ശിക തുക സഹിതം ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ?

സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ, തുടങ്ങി 59 സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്

എൽ.റ്റി. വിഭാഗത്തിൽ, ഒരു ലക്ഷംരൂപയിലധികം കുടിശ്ശിക വരുത്തിയതിന് കണക്ഷൻ വിച്ഛേദിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധം M ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്